**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — എടവിലങ്ങ് ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5, 3.8, 3.4(എ), 3.4(ബി) 2010-11 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.15(1), 3.15(2) എന്നിവയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3442/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/11/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 31/082015 ലെ എം3-42839/15 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 15153/പിറ്റി2/2014 നമ്പർ 10/02/2015-ലെ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തീറ്റപ്പുൽകൃഷിയ്ക്ക് ക്ഷീരകർഷകർക്ക് സബ്സിഡി തുക പണമായി നൽകിയതിന് തടസ്സപ്പെടുത്തിയ 14,700/-രൂപ, 3.8 പ്രകാരം തനത് ആസ്തികളുടെ നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതിന് തടസ്സപ്പെടുത്തിയ 8,01,914/-രൂപ 3.4(എ) പ്രകാരം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പുരയിട കൃഷി വികസനം എന്ന പ്രോജക്ട് സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജൈവവളം മാത്രം വാങ്ങി നൽകിയതിനാൽ തടസ്സപ്പെടുത്തിയ 5,25,781/-രൂപ, 3.4(ബി) പ്രകാരം പട്ടികജാതിയിൽപ്പെട്ടവർക്ക് നടീൽ വസ്തുക്കൾ എന്ന പ്രോജക്ട് സർക്കാരിന്റെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 50,000/-രൂപ 2010-11 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.15(1) പ്രകാരം സമഗ്രപുരയിട കൃഷി വികസനം എന്ന പ്രോജക്ട് സർക്കാരിന്റെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജൈവവളം മാത്രം നൽകിയതിന് ചെലവഴിച്ച 3,94,000/-രൂപ, 3.15(2) പ്രകാരം 1,00,000/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച നടപടി മാപ്പാക്കി സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ മാർഗ്ഗരേഖകൾ പാലിക്കാതെ നടത്തിയ ചെലവുകൾക്ക് സാധൂകരണം നൽകുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ തടസ്സങ്ങൾ സാങ്കേതികമാണെന്നതിനാലും 2009-10 സാമ്പത്തിക വർഷം

..........2

തടസ്സപ്പെടുത്തിയ ഖണ്ഡിക 3.5 പ്രകാരം ചെലവഴിച്ച 14,700/- (പതിനാലായിരത്തി എഴുനൂറു രൂപ മാത്രം) രൂപ, 3.8 പ്രകാരം ചെലവഴിച്ച 8,01,914/- (എട്ട് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം) രൂപ 3.4(എ) പ്രകാരം ചെലവഴിച്ച 5,25,781/-(അഞ്ച് ലക്ഷത്തി ഇരുപത്തിയഞ്ചായിരത്തി എഴുനൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) രൂപ, 3.4(ബി) പ്രകാരം ചെലവഴിച്ച 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ, 2010-11 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.15(1) പ്രകാരം ചെലവഴിച്ച 3,94,000/- (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപ മാത്രം) രൂപ, 3.15(2) പ്രകാരം ചെലവഴിച്ച 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ